ബജറ്റ് പ്രസംഗം

ബഹുമാന്യരെ,

വേളം ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അംഗീകാരത്തിനായി നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയാണ് . ധനവികേന്ദ്രീകരണത്തിലൂടെ വേളം ഗ്രാമ പഞ്ചായത്തിന് ലഭ്യമാകുന്ന ഫണ്ടുകൾ കാര്യക്ഷമമായും ഫലപ്രദമായും വിനിയോഗിക്കുന്നതിന് ലക്ഷ്യമാക്കിയുള്ള, യാഥാർത്ഥ്യത്തിലൂന്നിയുള്ള ഒരു ബജറ്റാണ് വിഭാവനം ചെയ്യുന്നത് .ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും അത് നടപ്പിലാക്കുകയും ചെയ്യാൻ ഞങ്ങൾ പ്രതിജ്ഞ ബദ്ധരാണ് .ലഭ്യമാകുന്ന ഫണ്ടിന്റെ തോതനുസരിച്ച് എല്ലാ മേഖലകളുടെയും വളർച്ച ലക്ഷ്യമാക്കി കൊണ്ടുള്ളതാണ് ബജറ്റ്

ഉൽപ്പാദന മേഖലയ്ക്ക് പ്രാധാന്യം നൽകി കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2486500/ - രൂപ വകയിരുത്തിയിട്ടുണ്ട് .നാളികേര വികസനത്തിനായി 1558440/ - രൂപയും ക്ഷീര 2725000/ - രൂപയും ഉൾപ്പെടെ ഉൽപ്പാദന മേഖലയ്ക്കായി 9168060/- രൂപ വകയിരുത്തിയിട്ടുണ്ട്

ഭവന നിർമ്മാണ-നവീകരണ പ്രവർത്തനങ്ങൾക്കായി ലൈഫ് ഭവന പദ്ധതിക്കായി വായ്പ വിഹിതം ,സംസ്ഥാന വിഹിത ഫണ്ട് ജില്ല - ബ്ലോക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമുൾപ്പെടെ ആകെ 55570000/- രൂപ രൂപ വകയിരുത്തിയിട്ടുണ്ട് ഗ്രാമ പഞ്ചായത്തിലെ എല്ലാവർക്കും സ്വന്തമായ ഭവനം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് വരും വർഷങ്ങളില് കൂടുതല് ഫണ്ട് വകയിരുത്തി ലക്ഷ്യം കൈവരിക്കും എന്ന ഉറപ്പ നൽകുകയാണ്

സമീപ കാലങ്ങളിൽ തദ്ദേശസ്ഥാപനങ്ങള് വളരെയധികം പ്രയാസമനുഭവിക്കുന്ന മേഖലയാണ് മാലിന്യ നിർമാർജ്ജനം ,ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ വീടുകളിലും റിംഗ് കംമ്പോസ്റ്റ് ഉൾപ്പെടെ പഞ്ചായത്തിലെ മാലിന്യ സംസ്കരണ നിർമാർജ്ജന പ്രവർത്തനങ്ങൾക്കായി 2845350/- രൂപ വകയിരുത്തുന്നു

ഭാവി കാലങ്ങളിൽ ഉണ്ടാകാനിടയുള്ള കുടിവെള്ള ക്ഷാമം മുന് നിർത്തി വിവിധ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പുതിയ പദ്ധതികൾക്കുമായി 2114500 / രൂപ വകയിരുത്തുന്നു

കുട്ടികൾ വയോജനങ്ങൾ ഭിന്നശേഷിക്കാർ എന്നിവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഈ ഭരണ സമിതി

പ്രതിജ്ഞാബദ്ധമാണ്.ഭിന്നശേഷി കലോത്സവം വയോജന സംഗമം എന്നിവയ്ക്കും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്, ബഡ്സ് സ്കൂൾ നടത്തിപ്പ് തുടങ്ങിയ സാമൂഹിക സുരക്ഷിതത്വ പരിപാടികൾക്കായി 4400000/- രൂപ വകയിരുത്തുന്നു

പാലിയേറ്റിവ് കെയർ ഉൾപ്പെടെയുള്ള ആരോഗ്യ -രോഗ നിയന്ത്രണ പരിപാടികൾക്കായി 4361190/- രൂപ നീക്കിവെച്ചിട്ടുണ്ട്

അംഗനവാടി പോക്ഷകാഹാര പരിപാടി ,അംഗനവാടി അനുബന്ധ സൗകര്യങ്ങൾ എന്നിവയ്ക്കായി 4968841/- രൂപ വകയിരുത്തുന്നു

റോഡുകളും തെരുവ് വിളക്കുകളും മറ്റ് പാശ്ചാത്തല അനുബന്ധ സൌകര്യങ്ങളും ഉൾപ്പെടെയുള്ള പാശ്ചത്തല വികസനത്തിന് 21385000/ രൂപ വകയിരുത്തുന്നു

പഞ്ചായത്തിലെ ദാരിദ്യ ലഘൂകരണ പ്രവർത്തനങ്ങൾക്ക് ഏറ്റവും സഹായകരമായ തൊഴിലുറപ്പ് പദ്ധതിയിൽ ഈ വർഷം 110000000/- രൂപ വകയിരുത്തുന്നതിനായി ഉദ്ദേശിക്കുന്നു

വിവിധ സാമൂഹിക സുരക്ഷിതത്വ പെൻഷനുകൾക്കായി ഈവർഷം 80000000/- രൂപ വകയിരുത്തുന്നു

വികസനഫണ്ട്, മെയിൻറനൻസ് ഫണ്ട്,കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ മറ്റ തദ്ദേശ സ്ഥാപന വിഹിതങ്ങൾ, തനത് ഫണ്ട്, ഉണഭോക്തൃവിഹിതം, മുൻ ബാക്കി ഉൾപ്പെടെ ആകെ 337598913/- രൂപ വരവും രൂപ 332520831/- ചെലവും 5078082/- രൂപ നിക്കിയിരിപ്പും . പ്രതീക്ഷിക്കുന്ന കരട് ബജറ്റ് ഇവിടെ സന്നിഹിതരായിരിക്കുന്നവരുടെ ആശീർവാദത്തോടെ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിക്കുന്നു

സ്നേഹപൂർവ്വം.....

കെ സി ബാബു മാസ്റ്റർ
വൈസ് പ്രസിഡണ്ട്
വേളം ഗ്രാമ പഞ്ചായത്ത്